ചെറുകിട വനവിഭവങ്ങൾക്ക് ഈടാക്കുന്ന വിൽപ്പന നികുതി

19 [4757] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾ വനങ്ങളിൽനിന്നും ശേഖരിച്ച് ആദിവാസി സഹകരണ സംഘങ്ങൾവഴി വിൽക്കുന്ന ചെറുകിട വനവിഭവങ്ങൾക്ക് വിൽപ്പന നികുതി ഈടാക്കുന്നുണ്ടോ;

(ബി) എത്ര ശതമാനം വിൽപ്പന നികുതിയാണ് ഓരോ ഇനങ്ങൾക്കും ഈടാക്കുന്നത്;

(സി) ആദിവാസികൾ ശേഖരിക്കുന്നതും ആദിവാസി സഹകരണ സംഘങ്ങൾവഴി വിൽപ്പന നടത്തുന്നതുമായ എല്ലാ ചെറുകിട വനവിഭവങ്ങളേയും വിൽപ്പന നികുതിയിൽ നിന്നും ഒഴിവാക്കുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഷെഡ്യൂൾഡ് കാസ്റ്റ്/ട്രൈബ് ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ലിമിറ്റഡ് ആദിവാസികളിൽനിന്നും ശേഖരിച്ചു വിൽക്കുന്ന ചെറുകിട വന വിഭവങ്ങളെ എസ്.ആർ.ഒ. 527/02 പ്രകാരം 1-1-2000 മുതൽ 31-3-2003 വരെ വിൽപ്പന നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. മൂല്യവർദ്ധിത നികുതി നിയമം നടപ്പിൽ വരുന്നതു വരെ ഈ നികുതിയിളവ് തുടർന്ന് നൽകുന്നതിനും തീരുമാനമായിട്ടുണ്ട്.

(ബി) നിലവിലുള്ള വിൽപ്പന നികുതി നിരക്ക് താഴെ വിവരിക്കുന്നു:

1.	സുഗന്ധദ്രവ്യം	..	4%
2.	യൂക്കാലിപ്റ്റസ് ഓയിൽ	..	8%
3.	ഹണി	..	0%
4.	ഫയർവുഡ്	..	8%
5.	ബാംബൂപ്ലൈ	..	4%
6.	ബാംബൂ മാറ്റ്	..	8%
7.	പുല്പായ്, തഴപ്പായ്	..	0%
8.	കൺട്രി പോട്സ്	..	0%

(സി) എസ്.ആർ.ഒ. 527/2002 പ്രകാരം ഷെഡ്യൂൾഡ് കാസ്റ്റ്/ഷെഡ്യൂൾഡ് ട്രൈബ് ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ലിമിറ്റഡ് ആദിവാസികളിൽനിന്നും ശേഖരിച്ചു വില്ക്കുന്ന ചെറുകിട വനവിഭവങ്ങൾക്ക് 1-1-2000 മുതൽ 31-3-2003 വരെ വില്പന നികുതി ഒഴിവ് നൽകിയിരുന്നു. വില്പന നികുതി ഒഴിവ് മൂല്യവർദ്ധിത നികുതി സമ്പ്രദായം നിലവിൽ വരുന്നതുവരെ തുടർന്നു നൽകുവാനും തീരുമാനമായിട്ടുണ്ട്.

മണലിന് നിലവിലുള്ള നികുതി നിരക്ക്

20 [4758] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ഇനം മണലുകൾക്ക് എത്ര ശതമാനം നികുതി നിരക്കുകളാണ് നിലവിലുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആറ്റു മണലിന് സംസ്ഥാനത്ത് നികുതി ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര;

(സി) ഈ സർക്കാർ വന്നശേഷം സംസ്ഥാനത്തെ അതിർത്തി ചെക്ക് പോസ്റ്റുകളിൽ എത്ര നികുതി പിരിച്ചെടുത്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) മറ്റു സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന മണലിന് നികുതി പിരിക്കാറുണ്ടോ; എങ്കിൽ എത്ര ശതമാനം;

(ഇ) അന്യ സംസ്ഥാന മണലിന് ഏതെല്ലാം അതിർത്തി ചെക്ക് പോസ്റ്റുകളിൽ നികുതി പിരിക്കുന്നു എന്നും ഏതെല്ലാം ചെക്ക് പോസ്റ്റുകളിൽ നികുതി പിരിക്കുന്നില്ല എന്നും വ്യക്തമാക്കുമോ;

(എഫ്) ഇത്തരം നികുതി പിരിവിന് ഒരു ഏകീകൃത രൂപം ചെക്ക് പോസ്റ്റുകളിൽ ഉണ്ടാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള വിൽപ്പന നികുതി നിയമത്തിലെ പട്ടിക ഒന്ന് ക്രമനമ്പർ 128 പ്രകാരം മണലിന്റെ നിലവിലുള്ള നികുതി 4% ആകുന്നു. ഇതിനോടൊപ്പം 15% അധിക വില്പന നികുതിയും ഈടാക്കുന്നു.

(ബി) കേരള വില്പന നികുതി നിയമത്തിലെ പട്ടിക ഒന്ന്, 128-ാം ക്രമനമ്പരിൽ മണലിന് 4% നികുതി ഈടാക്കുവാൻ നിർദ്ദേശിക്കുന്നു. അതിൻപ്രകാരമാണ് ഇപ്പോൾ മണലുകൾക്ക് വില്പന നികുതി പിരിക്കുന്നത്. എസ്.ആർ.ഒ. 1090/99 പ്രകാരം ആറ്റുമണൽ കേരളത്തിനകത്തുള്ള ഉപയോഗത്തിനാണെങ്കിൽ നികുതി ഒഴിവുണ്ട്.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) കേരളത്തിൽ മണലിന് നികുതി പിരിക്കുന്നത് കേരള വില്പന നികുതി നിയമത്തിലെ പട്ടിക 1, ക്രമനമ്പർ 128 പ്രകാരമാണ്. വില്പന നികുതിയായ 4%വും അധിക വില്പന നികുതിയായ അതിന്റെ 15%വുമാണ്. മറ്റു സംസ്ഥാനങ്ങളിൽനിന്നും കൊണ്ടു വരുന്ന മണലുകൾക്ക് വില്പന നികുതി നിയമപ്രകാരമുള്ള റെക്കാർഡുകൾ ഇല്ലാതെയാണ് കൊണ്ടു വരുന്നതെങ്കിൽ നികുതി നല്കാൻ ബാധ്യതയുണ്ട്.

(ഇ) അന്യ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടു വരുന്ന മണലുകൾക്ക് അതിർത്തി ചെക്ക് പോസ്റ്റുകളിൽ നികുതി പിരിക്കാറുണ്ട്. എസ്.ആർ.ഒ. 1090/99 പ്രകാരം ആറ്റു മണലിനെ കേരളത്തിനകത്തുള്ള ഉപയോഗത്തിനാണെങ്കിൽ നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. കേരള വില്പന നികുതി നിയമപ്രകാരം രജിസ്ട്രേഷൻ എടുത്തിട്ടുള്ളവർ കേരളത്തിനകത്തുള്ള ഉപയോഗത്തിനുവേണ്ടി മണൽ കൊണ്ടുവരികയാണെന്ന് തെളിയിച്ചാൽ നികുതി ഒഴിവു ലഭിക്കുന്നു. അതിർത്തി ചെക്ക് പോസ്റ്റുകളിൽ മണലിന് നികുതി പിരിക്കുന്നില്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) നികുതി പിരിക്കുന്ന കാര്യത്തിൽ കേരള വില്പന നികുതി നിയമം കേരളത്തിലെ എല്ലാ ചെക്ക് പോസ്റ്റുകൾക്കും ഒരുപോലെ ബാധകമാണ്.

ചെക്ക് പോസ്റ്റുകൾ അതിർത്തിയിൽ സ്ഥാപിക്കാൻ നടപടി

21 [4759] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly